**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2131** **09-12-2022 - ൽ മറുപടിയ്ക്ക്**

**അന്യ സംസ്ഥാന വാഹനങ്ങൾക്ക് പ്രവേശന നികുതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ഓൾ ഇന്ത്യാ പെർമിറ്റിൽ വാഹനങ്ങൾ ഓടിക്കാൻ രാജ്യത്ത് നിയമങ്ങൾ നിലനിൽക്കെ സംസ്ഥാന സർക്കാർ ഇക്കാര്യത്തിൽ വിലക്ക് ഏർപ്പെടുത്താൻ ഇടയായ സാഹചര്യം വിശദമാക്കുമോ; | (എ) | സംസ്ഥാനന്തര ടൂറിസ്റ്റ് വാഹനങ്ങളുടെ തടസ്സരഹിത യാത്ര ഉറപ്പുവരുത്തുവാനായി 2021-ൽ നിലവിൽ വന്ന All India (Permit and authorization) Rule പ്രകാരം മറ്റ് സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്ത All India Permit (in Form 3) എടുത്ത് സംസ്ഥാനത്തേക്ക് പ്രവേശിക്കുന്ന All India Tourist വാഹനങ്ങളിൽ നിന്നും കേരള മോട്ടോർ വാഹന ടാക്സേഷൻ നിയമത്തിലെ സെക്ഷൻ 3(5) പ്രകാരം ഷെഡ്യൂളിൽ നിഷ്കർഷിച്ചിട്ടുള്ള നികുതി ഈടാക്കേണ്ടതില്ല എന്ന് എല്ലാ സബ് ഓഫീസുകൾക്കും നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ഈ അവസരം ഉപയോഗപ്പെടുത്തി കേരളത്തിൽ രജിസ്റ്റർ ചെയ്യേണ്ടതായ ചില All India Tourist വാഹനങ്ങൾ നാഗാലാന്റ്, ഒറീസ്സ, അരുണാചൽപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്ത് കേരളത്തിനകത്തേക്ക് സർവ്വീസ് നടത്തി സംസ്ഥാനത്തിന് വരുമാന നഷ്ടം ഉണ്ടാക്കുന്നതായി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടു. മാത്രമല്ല, കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്ത് All India Permit എടുത്ത് തമിഴ്നാടിലേക്ക് സർവ്വീസ് നടത്തുന്ന വാഹനങ്ങളിൽ നിന്നും തമിഴ്നാട് നികുതി ഈടാക്കി വരുന്നുണ്ട്. ഇത് തമിഴ്നാട് ഹൈക്കോടതി WP(C)No.19949/2021, WP(C) No.19203/2021 എന്നീ കേസുകളിൽ ശരിവച്ചിട്ടുമുണ്ട്. ചുരുക്കത്തിൽ, കേരളത്തിൽ രജിസ്റ്റർ ചെയ്ത് തമിഴ്നാട്ടിലേക്ക് സർവ്വീസ് നടത്തുന്ന All India Tourist വാഹനങ്ങൾ തമിഴ്നാട്ടിലെ നികുതി അടയ്ക്കേണ്ടി വരുകയും, എന്നാൽ തമിഴ്നാട്ടിൽ രജിസ്റ്റർ ചെയ്ത് കേരളത്തിലേക്ക് സർവീസ് നടത്തുന്ന ഇത്തരം വാഹനങ്ങൾക്ക് കേരളത്തിലെ നികുതി അടയ്ക്കേണ്ടതില്ലായെന്നുമുള്ള അവസ്ഥ സംജാതമായിരുന്നു. ഇതുകൂടി കണക്കിലെടുത്താണ് മോട്ടോർ വാഹന നിയമത്തിലെ സെക്ഷൻ 88(9), |

| | | | |
|---|---|---|---|
| | | | 88(12) എന്നീ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ അന്യസംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്ത് All India Permit എടുത്ത് കേരളത്തിലേക്ക് പ്രവേശിക്കുന്ന എല്ലാ ടൂറിസ്റ്റ് ബസുകളിൽ നിന്നും 01/11/2022 മുതൽ കേരള മോട്ടോർ വാഹന ടാക്സേഷൻ നിയമത്തിലെ സെക്ഷൻ 3(5) പ്രകാരം Schedule-ൽ പറഞ്ഞിട്ടുള്ള നിരക്കിൽ നികുതി ഈടാക്കാൻ നിർദ്ദേശം നൽകിയത്. |
| (ബി) | അന്യ സംസ്ഥാന വാഹനങ്ങൾ സംസ്ഥാനത്തിനകത്തേക്ക് പ്രവേശിക്കുന്നതിന് നികുതി ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഏത് നിയമത്തിന്റെ /ഉത്തരവിന്റെ/ ചട്ടത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ; | (ബി) | 1988-ലെ മോട്ടോർ വാഹന നിയമത്തിലെ സെക്ഷൻ 88(14) പ്രകാരം All India Tourist Permit എടുത്ത വാഹനങ്ങൾ മറ്റ് സംസ്ഥാനങ്ങളിലേക്കു പ്രവേശിക്കുന്നതിന് Authorization നൽകുമ്പോൾ മറ്റ് സംസ്ഥാനങ്ങളിലെ നിയമത്തിന്റെയോ ചട്ടത്തിന്റെയോ അടിസ്ഥാനത്തിൽ നികുതി/ഫീസ് ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ അതും അടയ്ക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അപ്രകാരം മറ്റ് സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത് കേരളത്തിലേക്ക് സർവ്വീസ് നടത്തുന്ന All India Permit എടുത്ത വാഹനത്തിന് കേരള മോട്ടോർ വാഹന ടാക്സേഷൻ നിയമത്തിലെ സെക്ഷൻ 5(3) പ്രകാരം ഷെഡ്യൂളിൽ പറഞ്ഞിട്ടുള്ള നികുതി അടയ്ക്കുവാൻ ബാധ്യസ്ഥമാണ്. മാത്രമല്ല ഇന്ത്യൻ ഭരണഘടനയുടെ ഏഴാം ഷെഡ്യൂളിലെ പട്ടിക II-ലെ ക്രമനമ്പർ 56,57 എന്നിവ പ്രകാരം നികുതി നിശ്ചയിക്കുന്നതിനുള്ള അധികാരം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമാണ്. അതുകൊണ്ടുതന്നെ കേന്ദ്ര മോട്ടോർ വാഹന ചട്ടത്തിൽ All India Tourist ബസുകൾക്ക് ഉയർന്ന ഫീസ് ഏർപ്പെടുത്തിയതിനാൽ സംസ്ഥാന സർക്കാർ ടി വാഹനങ്ങളിൽ നിന്നും നികുതി ഈടാക്കുവാൻ പാടില്ല എന്ന വ്യവസ്ഥ നിലനിൽക്കുന്നതല്ല. ഇക്കാര്യം ബഹു. തമിഴ്നാട് ഹൈക്കോടതി WP(C)No.19203/2021 എന്ന കേസിൽ ശരിവച്ചിട്ടുമുണ്ട്. |
| (സി) | കേന്ദ്ര നിയമത്തിന് വിരുദ്ധമായി ഇത്തരം നികുതി ഏർപ്പെടുത്താൻ സംസ്ഥാന സർക്കാരിന് അനുമതി നൽകുന്ന വ്യവസ്ഥകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ? | (സി) | 1988-ലെ മോട്ടോർ വാഹന നിയമത്തിലെ സെക്ഷൻ 88(14) പ്രകാരം All India Tourist Permit എടുത്ത വാഹനങ്ങൾ മറ്റ് സംസ്ഥാനങ്ങളിലേക്കു പ്രവേശിക്കുന്നതിന് Authorization നൽകുമ്പോൾ മറ്റ് സംസ്ഥാനങ്ങളിലെ നിയമത്തിന്റെയോ ചട്ടത്തിന്റെയോ അടിസ്ഥാനത്തിൽ നികുതി/ഫീസ് ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ അതും അടയ്ക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അപ്രകാരം മറ്റ് സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത് കേരളത്തിലേക്ക് സർവ്വീസ് നടത്തുന്ന All India Permit എടുത്ത വാഹനത്തിന് കേരള മോട്ടോർ വാഹന ടാക്സേഷൻ നിയമത്തിലെ സെക്ഷൻ 5(3) പ്രകാരം ഷെഡ്യൂളിൽ |

| | | | |
|---|---|---|---|
| | | | പറഞ്ഞിട്ടുള്ള നികുതി അടയ്ക്കുവാൻ ബാധ്യസ്ഥമാണ്. മാത്രമല്ല ഇന്ത്യൻ ഭരണഘടനയുടെ ഏഴാം ഷെഡ്യൂളിലെ പട്ടിക II-ലെ ക്രമനമ്പർ 56,57 എന്നിവ പ്രകാരം നികുതി നിശ്ചയിക്കുന്നതിനുള്ള അധികാരം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമാണ്. അതുകൊണ്ടുതന്നെ കേന്ദ്ര മോട്ടോർ വാഹന ചട്ടത്തിൽ All India Tourist ബസുകൾക്ക് ഉയർന്ന ഫീസ് ഏർപ്പെടുത്തിയതിനാൽ സംസ്ഥാന സർക്കാർ ടി വാഹനങ്ങളിൽ നിന്നും നികുതി ഈടാക്കുവാൻ പാടില്ല എന്ന വ്യവസ്ഥ നിലനിൽക്കുന്നതല്ല. ഇക്കാര്യം ബഹു. തമിഴ്നാട് ഹൈക്കോടതി WP(C)No.19203/2021 എന്ന കേസിൽ ശരിവച്ചിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ